# ട്രാൻസ്ജന്റർ സ്വത്വപ്രതിസന്ധികളും അതിജീവനവും: തെരഞ്ഞെടുത്ത ആത്മാഖ്യാനങ്ങൾ മുൻനിറുത്തിയുള്ള പഠനം

**അശ്വതി കെ.**

**പ്രബന്ധസംഗ്രഹം**

പുരുഷൻ, സ്ത്രീ എന്നിങ്ങനെ മാത്രം ലിംഗവിഭാഗങ്ങളെ അംഗീകരിച്ചു പോന്നിരുന്ന പൊതുസമൂഹത്തിൽ നിരവധി അവകാശപ്പോരാട്ടങ്ങളിലൂടെയാണ് ഭിന്നലിംഗക്കാരായ മനുഷ്യർ തങ്ങളുടെ ഇടം കണ്ടെത്തിയത്. ട്രാൻസ്ജന്ററുകൾ ഉൾപ്പെടെയുള്ള ലൈംഗികന്യൂനപക്ഷങ്ങൾ ഇന്നും മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെടുന്നു. അരികുവത്കരിക്കരിക്കപ്പെടുന്ന മനുഷ്യരുടെ ജീവിതം ആവിഷ്കരിക്കപ്പെടുന്നു എന്നത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ആത്മകഥാസാഹിത്യത്തിലുണ്ടായ വലിയ മാറ്റമാണ്. കേട്ടെഴുത്തുജീവിതം എന്ന പുതുശാഖയിലൂടെ പാർശ്വവത്കൃതർക്കും സ്വന്തം നിലയിൽ ജീവിതാഖ്യാനം സാധ്യമാകാത്തവർക്കും തങ്ങളുടെ ജീവിതം അടയാളപ്പെടുത്തുവാനായി. നിരവധി ട്രാൻസ്ജെന്ററുകളുടെ ജീവിതം ഇത്തരത്തിൽ പുറത്തുവന്നിട്ടുണ്ട്. "ഒരു മലയാളി ഹിജഡയുടെ ആത്മകഥ" (ജെറീന), അവളിലേക്കുള്ള ദൂരം (സൂര്യ ഇഷാൻ) എന്നീ കൃതികളെ ആധാരമാക്കിക്കൊണ്ട് ട്രാൻസ്ജന്റർ ആത്മാഖ്യാനങ്ങളിലെ സ്വത്വപ്രതിസന്ധികളും അതിജീവനമാർഗങ്ങളും വിശകലനം ചെയ്യാനാണ് പ്രബന്ധത്തിലൂടെ ഉദ്ദേശിക്കുന്നത്. സ്വത്വബോധത്തിലൂടെ അവർ ജീവിതത്തിന്റെ പ്രതിരോധം സാധ്യമാക്കിയത് എങ്ങനെയെന്നും അന്വേഷിക്കാൻ ശ്രമിക്കുന്നു.

**താക്കോൽ വാക്കുകൾ:**

ട്രാൻസ്ജന്റർ, സ്വത്വപ്രതിസന്ധി, കേട്ടെഴുത്തുജീവിതം, അതിജീവനം, പ്രതിരോധം.

തൊണ്ണൂറുകളോടുകൂടി ജീവിതാനുഭവസാഹിത്യത്തിൽ പുരോഗമനാത്മകമായ നിരവധി മാറ്റങ്ങൾ ഉണ്ടായി. മുഖ്യധാരയിൽ നിന്നും അരികുവൽക്കരിക്കപ്പെടുന്ന മനുഷ്യരുടെ ജീവിതത്തിന് സാഹിത്യത്തിൽ ഇടം ലഭിച്ചു. ജനാധിപത്യത്തിന്റെ ഔപചാരിക പ്രയോഗമണ്ഡലങ്ങൾക്ക് പുറത്ത് തങ്ങളുടെ സ്വത്വങ്ങൾ ആവിഷ്കരിക്കുന്നവരെ ബി. രാജീവൻ നവരാഷ്ട്രീയപ്രതിഭാസങ്ങൾ എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. "ദളിതർ, ആദിവാസികൾ, പിന്നോക്കവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, ലൈംഗികന്യൂനപക്ഷ ങ്ങൾ, നാടോടികൾ തുടങ്ങി മുഴുവൻ ബഹിഷ്കൃതരുമാണ് സ്വത്വരാഷ്ട്രീയത്തെ പ്രതിനിധീകരിക്കുന്നവർ" (രാജീവൻ, 1992:5). വ്യവസ്ഥാപിത സാഹിത്യചരിത്രങ്ങൾക്ക് സ്വീകാര്യരല്ലാത്ത ഇത്തരം മനുഷ്യർക്കെല്ലാം ഇന്ന് തങ്ങളുടെ ജീവിതം അടയാളപ്പെടുത്താനാകുന്നു. ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളെ പ്രതിനിധീകരിക്കുന്നവരാണ് ഇവരെല്ലാം. ദലിത് സാഹിത്യത്തിന്റെ ഭാഗമായി വികസിച്ച കേട്ടെഴുത്തിലൂടെയാണ് അരികുവൽക്കരിക്കപ്പെട്ടവരുടെ ജീവിതം പ്രധാനമായും ആവിഷ്കരിക്കപ്പെട്ടത്.

**കേട്ടെഴുത്തുജീവിതം- അനുഭവാഖ്യാനത്തിലെ പുതുശാഖ**

സ്വജീവിതാവിഷ്കാരം എന്നത് സാമൂഹിക അംഗീകാരമുള്ളവരുടെ മാത്രം മേഖലയാണെന്ന ധാരണയെ തിരുത്തിക്കൊണ്ട് ജീവിതാനുഭവസാഹിത്യത്തിൽ മാറ്റങ്ങൾ ഉണ്ടാക്കിയ പുതുശാഖയാണ് കേട്ടെഴുത്തുജീവിതം. ദലിത് സാഹിത്യത്തിന്റെ ഭാഗമായാണ് ഈ ശാഖ വികസിച്ചത്. വിദ്യാഭ്യാസവും അതുവഴി മെച്ചപ്പെട്ട ജീവിത സാഹചര്യവും നേടിയെടുത്തവരായിരുന്നു ദലിത് സാഹിത്യത്തിന്റെ വക്താക്കൾ. വിദ്യാഭ്യാസം നേടാൻ കഴിയാത്തവരും സാമ്പത്തിക സാമൂഹികസാഹചര്യങ്ങളിൽ പ്രത്യേകിച്ച് മാറ്റമൊന്നും വരാത്തവരുമായ വലിയൊരു വിഭാഗം ദലിത് ജനതയ്ക്ക് കേട്ടെഴുത്തിലൂടെയാണ് ജീവിതാഖ്യാനത്തിന് സാധിച്ചത്. തുടർന്ന് അരികുവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെയെല്ലാം ആത്മാഖ്യാനത്തിന് കേട്ടെഴുത്ത് ഉപാധിയായി മാറി. ഭാഷണങ്ങളുടെ സാധ്യതയാണ് കേട്ടെഴുത്തു ജീവിതം

പ്രയോജനപ്പെടുത്തുന്നത്. "ആനുകാലികങ്ങളിലൂടെ ജീവിതം കേട്ടെഴുതുന്നത് പുതിയ നൂറ്റാണ്ടിന്റെ സംഭാവനയാണ്. ഏതെങ്കിലും തരത്തിൽ കീഴാളത്തം അനുഭവിക്കുന്നവരുടെ ജീവിതം അവർക്ക് വേണ്ടി മറ്റൊരാൾ ആത്മകഥാരൂപത്തിൽ എഴുതുന്ന രീതിയാണ് ഇത്. എഴുത്തറിയാത്തവർക്കും ജീവിതം ആവിഷ്കരിക്കാൻ അറിയാത്തവർക്കും ജീവിതം ഉണ്ടെന്നും അത് സമൂഹം ശ്രദ്ധിക്കേണ്ടതുണ്ടെന്നും ഉള്ള കാഴ്ചപ്പാടാണ് കേട്ടെഴുത്തുകൾക്ക് പിന്നിലുള്ളത്" (രമാദേവി, 2019:6).

വ്യക്തിപ്രഭാവവും ഭാഷയും ആഖ്യാനപാടവവും ഇല്ലാത്ത മനുഷ്യർക്കും സ്വജീവിതം ആവിഷ്കരിക്കാൻ സാധിച്ചു എന്നത് പ്രധാനമാണ്. നേരിട്ടുള്ള സംഭാഷണത്തിലൂടെ ആളുകളുടെ ജീവിതം മനസ്സിലാക്കി ഓർമ്മകളെയും അനുഭവങ്ങളെയും ആശയങ്ങളെയും പകർത്തി എഴുതി അതിന് ഭാഷയുടെയും ആഖ്യാനത്തിന്റെയും ക്രമം നൽകി അവർ തന്നെ പറയുന്ന ജീവിതകഥയായി പുറത്തെത്തിക്കുകയാണ് കേട്ടെഴുത്ത് ജീവിതത്തിൽ ചെയ്യുന്നത്.

മുഖ്യധാരാസാഹിത്യം എന്നത് ഉപരിവർഗ്ഗത്തിന്റെ കൃതികളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന അവസ്ഥയിൽ നിന്ന് എല്ലാത്തരം മനുഷ്യർക്കും സാഹിത്യത്തിൽ ഇടം ഉണ്ടെന്ന നിലയിലേക്ക് എത്തിച്ചതിൽ കേട്ടെഴുത്തിന് ചെറുതല്ലാത്ത പങ്കുണ്ട്. കർണാടകയിലെ സ്ത്രീശക്തി സംഘടന പ്രവർത്തകർ ദലിത് സ്ത്രീകളായ അച്ചമാംബ,കമലമ്മ തുടങ്ങിയവരുടെ വാമൊഴി സമാഹരിച്ച് തയ്യാറാക്കിയ ആത്മകഥകളാണ് ദലിത് സ്ത്രീകളുടേതായി പുറത്തുവന്ന ആദ്യ കേട്ടെഴുത്തുജീവിതകൃതികൾ.ദലിത് സ്ത്രീകളുടെ ജീവിതാഖ്യാനങ്ങളെ തുടർന്ന് പാർശ്വവൽക്കരിക്കപ്പെടുന്ന നിരവധി സ്ത്രീകളുടെ ജീവിതാഖ്യാനങ്ങൾ ഉണ്ടായി. ലിംഗപരമായും തൊഴിൽപരമായും കീഴാളത്തം അനുഭവിക്കുന്ന നിരവധി സ്ത്രീകളുടെ അനുഭവങ്ങൾ അടയാളപ്പെടുത്തപ്പെട്ടു. സിസ്റ്റർ ജെസ്മി, നളിനി ജമീല, ട്രാൻസ്ജന്ററുകളായ ജെറീന,രേവതി,സൂര്യ ഇഷാൻ തുടങ്ങിയവർ ഉദാഹരണമാണ്.

**ട്രാൻസ്ജന്ററുകളും സാഹിത്യവും**

ട്രാൻസ്ജന്റർ എഴുത്തുകാരിയായ സാൻഡി സ്റ്റോൺ ആ മേഖലയിലുള്ള പഠനങ്ങൾക്ക് തുടക്കം കുറിച്ച വ്യക്തിയാണ്. അവർ രചിച്ച *The Empire Strikes Back, A Dosttran Sexual Manifesto* ഒരു അടിസ്ഥാനപാഠത്തിന്റെ സ്വഭാവം സ്വീകരിച്ചിരിക്കുന്ന കൃതിയാണ് എന്ന് വി. സുകുമാരൻ ചൂണ്ടിക്കാട്ടുന്നു(സുകുമാരൻ, 2016:72). കാൾ ബ്രയാന്റ് രചിച്ച *Transgender studies* മറ്റൊരു ശ്രദ്ധേയമായ കൃതിയാണ്. മലയാളത്തിൽ ട്രാൻസ്ജന്ററുകളുടേതായ ആഖ്യാനങ്ങൾ വളരെ കുറച്ച് മാത്രമേ പുറത്തു വന്നിട്ടുള്ളൂ. ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ജന്റർ എഴുത്തുകാരിയായ രേവതിയുടെ ആത്മകഥയാണ് *The Truth about Me.* ഇത് ഹിജഡയുടെ ആത്മകഥ എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു . ഒരു മലയാളി ഹിജഡയുടെ ആത്മകഥ *(* ജെറീന *),* വിപരീതം (രാജു), അവളിലേക്കുള്ള ദൂരം *(*സൂര്യ ഇഷാൻ *)* തുടങ്ങിയവയാണ് മറ്റു പ്രധാന കൃതികൾ.

**ഒരു മലയാളി ഹിജഡയുടെ ആത്മകഥ**

കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജന്റർ ആത്മകഥ എന്ന വിശേഷണത്തോടെ പുറത്തു വന്ന കൃതിയാണ് ജെറീനയുടെ ഒരു മലയാളി ഹിജഡയുടെ ആത്മകഥ. വിജയൻ കോടഞ്ചേരി, ബി. ഹരി എന്നിവരാണ് പുസ്തകത്തിന്റെ കേട്ടെഴുത്ത് നിർവഹിച്ചിരിക്കുന്നത്. തന്റെ ആദ്യത്തെ പേരോ കുടുംബത്തെക്കുറിച്ചുള്ള വിശദവിവരണങ്ങളോ ഫോട്ടോയോ നൽകാൻ പാടില്ലെന്ന നിബന്ധനയോടെയാണ് ജെറീന ജീവിതം പങ്കുവെക്കുന്നത്. ബാല്യകാലത്തെ ഓർമ്മകളിലൂടെയാണ് അവർ തുടങ്ങുന്നത്. കൂടെ പഠിക്കുന്ന ആൺകുട്ടി തന്നെ ശ്രദ്ധിക്കുമ്പോൾ മനസ്സിൽ വികാരങ്ങൾ ഉളവാകുന്നത് അവർ തിരിച്ചറിയുന്നു. ആൺകുട്ടിയായ തനിക്ക് പെൺകുട്ടികളുടെ വസ്ത്രങ്ങൾ ധരിക്കാനുള്ള ആഗ്രഹം അടുക്കളപ്പണികൾ ചെയ്യാനുള്ള താല്പര്യം ആൺകുട്ടികളോട് തോന്നുന്ന ആകർഷണം തുടങ്ങിയവയെല്ലാം തന്റെ വേറിട്ട സ്വത്വത്തിന്റെ ഭാഗമായി ജെറീന തിരിച്ചറിയുന്നു. സമൂഹം ഇതൊന്നും തന്നെ

അംഗീകരിക്കുകയില്ലെന്ന യാഥാർത്ഥ്യബോധം അവരെ സംഘർഷത്തിലേക്ക് നയിക്കുന്നു. തന്റെ രൂപം ആൺകുട്ടിയുടേതും പെൺകുട്ടിയുടെയും ആണ് എന്ന് തിരിച്ചറിവാണ് ജെറീന അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി. പൊതുസമൂഹത്തിന് സ്വീകാര്യമല്ലെങ്കിലും തനിക്ക് ഇങ്ങനെയേ ജീവിക്കാൻ കഴിയൂ എന്ന തീരുമാനം ബാല്യത്തിൽ തന്നെ അവരിലുണ്ടാകുന്നുണ്ട്.

"എനിക്കൊരിക്കലും ഒരു ആൺകുട്ടിയാകാൻ കഴിയില്ല. ആൺകുട്ടികൾ എന്നെ ആണായി സ്വീകരിച്ചില്ല. പെൺകുട്ടികൾ അവരുടെ കൂട്ടത്തിലും കൂട്ടിയില്ല. ആണോ പെണ്ണോ എന്നറിയാതെ ആൺപെൺ ആയ ഞാൻ കുടുങ്ങി". (ജെറീന,2006:23). മാതാപിതാക്കളും ചേട്ടന്മാരും ചേച്ചിമാരുമെല്ലാം അവളെ ആൺശരീരത്തിനുള്ളിൽ തന്നെ നിലനിർത്താൻ ശ്രമിച്ചു. എന്നാൽ തന്റെ ശരീരത്തിൽ പുരുഷവസ്തുങ്ങളുടെ കെട്ടുപാടുകൾ ഇല്ലാതാക്കാൻ ജെറീന ശ്രമിച്ചു. പെണ്ണിനനുസൃതമായി സമൂഹം പാകപ്പെടുത്തിയ വസ്ത്രധാരണവും പെരുമാറ്റങ്ങളും തന്നിലുണ്ടാവാനാണ് അവർ ആഗ്രഹിച്ചത്. നാലാംക്ളാസിൽ പഠിക്കുമ്പോൾ ഹെഡ്മാസ്റ്ററാണ് ആദ്യമായി ജെറീനയെ ലൈംഗികമായി ചൂഷണം ചെയ്യുന്നത്. അത് ഒരു പീഡനം എന്ന നിലയിൽ കുട്ടി മനസിലാക്കുന്നില്ല. മറ്റാരും പരിഗണിക്കാത്ത തന്നെ സ്നേഹിക്കാൻ ഒരാൾ എന്ന ചിന്തയാണ് അവളിലുണ്ടാകുന്നത്. സ്ത്രൈണത കാരണം സ്കൂളിൽ നിന്നുണ്ടാകുന്ന നിരന്തരപരിഹാസങ്ങളും ഒറ്റപ്പെടലും ആന്തരികസംഘർഷവുമെല്ലാം പഠനത്തിലുള്ള താൽപര്യം കുറയാനുള്ള കാരണമായി. നാട്ടിൽ നിന്നും മാറി നിൽക്കാനുള്ള ത്വരയോടെ മദ്രാസിലെത്തുകയും അവിടെനിന്നു തനിക്ക് സമാനരായ മനുഷ്യരെ കുറിച്ചറിഞ്ഞ് ബാംഗ്ളൂരിലേക്ക് നാടുകടക്കുന്നു. സ്വന്തം നാട്ടിൽ നിൽക്കാനാവാതെ പലായനം ചെയ്യുന്ന അവസ്ഥ ട്രാൻസ്ജന്റർ ആത്മാഖ്യാനങ്ങളിലെല്ലാം കാണാം.

ബാംഗ്ലൂരിലെ ട്രാൻസ്ജന്റർ ജീവിതത്തിന്റെ യഥാർഥ്യങ്ങളോരോന്നും വരുംഭാഗങ്ങളിലുണ്ട്. തങ്ങളുടെ സ്വത്വം അംഗീകരിക്കപ്പെടുന്ന ഇടം എന്ന നിലയിലാണ് ട്രാൻസ്ജന്ററുകൾ ഇത്തരം സ്ഥലങ്ങളെ കാണുന്നത്. ട്രാൻസ്ജന്റർ സമൂഹത്തിന്റെ

സംസ്കാരവും ജീവിതരീതികളും അവിടെ വെച്ചാണ് മനസിലാക്കാനാവുന്നത്. സന്ധ്യ എന്ന സ്ത്രീനാമവും വസ്ത്രങ്ങളും ചമയങ്ങളുമെല്ലാം ജെറീനയ്ക്ക് വളരെയധികം സംതൃപ്തി നൽകുന്നുണ്ട്. സ്ത്രൈണത ആഗ്രഹാനുസരണം പ്രദർശിപ്പിക്കാനാകുന്നു എന്നത് അവർക്ക് അഭിമാനമാകുന്നു. എന്നാൽ ഹമാമുകളിലെയും ഘരാനകളിലെയും ജീവിതം തീർത്തും ദുരിതകരമാണ്. ലൈംഗികത്തൊഴിലാണ് ട്രാൻസ്ജെന്ററുകൾക്ക് ഉപജീവനത്തിനുള്ള ഉപാധിയാകുന്നത്. രതിവൈകൃതങ്ങളും സുരക്ഷിതമല്ലാത്ത ലൈംഗികബന്ധങ്ങളും രോഗങ്ങളുമെല്ലാം അവിടെ സാധാരണമാണ്. കൂട്ടായ്മകളിൽ ജീവിക്കുന്നവർക്ക് പുറത്തിറങ്ങിയാൽ നാട്ടുകാരുടെയും പോലീസിന്റെയും ക്രൂരമായ അതിക്രമങ്ങൾ നേരിടേണ്ടതുണ്ടായിരുന്നു. ലൈംഗികതൊഴിൽ ചെയ്യുന്നതിന് വിമർശിക്കുന്ന സമൂഹം ട്രാൻസ്ജെന്ററുകളെ മറ്റൊരു തൊഴിലിലേക്കും പരിഗണിക്കുന്നില്ല. വാർദ്ധക്യത്തിൽ ഭിക്ഷാടനം നടത്തിയാണ് ഭൂരിഭാഗവും ജീവിക്കുന്നത്. ട്രാൻസ്ജെന്ററുകൾക്ക് നിഷേധിക്കപ്പെടുന്ന മനുഷ്യാവകാശങ്ങളെ കുറിച്ച് ഓർമപ്പെടുത്തുന്നവയാണ് ജെറീനയുടെ അനുഭവങ്ങൾ. തന്നോട് ആത്മാർത്ഥമായ പ്രണയം കാണിച്ച സുരേന്ദ്രനെ സ്വീകരിക്കുവാൻ ജെറീനയ്ക്ക് സാധിക്കുന്നില്ല. പൊതുബോധം അംഗീകരിച്ച കുടുംബസങ്കൽപ്പമെന്നത് ദമ്പതികളും കുഞ്ഞുങ്ങളും ഒത്തുചേർന്നതാണ്. പുരുഷന്റെ പങ്കാളിയായി ഗർഭധാരണശേഷിയുള്ള സ്ത്രീയെ മാത്രമേ സമൂഹം അംഗീകരിക്കുന്നുള്ളൂ. അവിടെ ട്രാൻസ്ജെന്ററുകൾ തിരസ്കൃതരാകുന്നു. കേരളീയസമൂഹത്തിന്റെ പൊതുബോധങ്ങളെ പിന്തുടരുന്ന പല പദങ്ങളും കാഴ്ചപ്പാടുകളും ഈ പുസ്തകത്തിൽ കടന്നുകൂടിയിട്ടുണ്ട്.

**അവളിലേക്കുള്ള ദൂരം – സൂര്യ**

അഭിനേതാവ്, യൂട്യൂബർ, മേക്കപ്പ് ആർട്ടിസ്റ്റ് എന്നീ നിലകളിലെല്ലാം ശ്രദ്ധേയയായ ട്രാൻസ്ജെന്ററാണ് സൂര്യ. ഇത്തരത്തിലുള്ള പ്രശസ്തി ലഭിക്കുന്നതിനു മുൻപ് തന്റെ ട്രാൻസ്ജെന്റർ സ്വത്വം കാരണം അവർക്ക് അനുഭവിക്കേണ്ടിവന്ന വേദനാജനകമായ ഓർമ്മകൾ അവളിലേക്കുള്ള ദൂരം എന്ന ജീവിതാഖ്യാനത്തിലൂടെ സൂര്യ

പങ്കുവെച്ചിട്ടുണ്ട്. പ്രതിസന്ധികൾ നേരിട്ട വഴികളെക്കുറിച്ച് അവർ വിശദമായി പറയുന്നു. ലൈംഗികന്യൂനപക്ഷങ്ങളെ സംബന്ധിച്ച പഠനങ്ങളിലൂടെ ശ്രദ്ധേയരായ ജി. രശ്മി, കെ. എസ് അനിൽകുമാർ എന്നിവരാണ് സൂര്യയുടെ ജീവിതം കേട്ടെഴുതിയിരിക്കുന്നത്. അരികുവൽക്കരിക്കപ്പെട്ട മനുഷ്യരുടെയെല്ലാം ആത്മാഖ്യാനങ്ങളിലെ ബാല്യകാലം സമാനതയുള്ളവയാണ്. ഉപരിവർഗ ആത്മകഥകളിൽ നിന്ന് വ്യത്യസ്തമായി ഗൃഹാതുരതയ്ക്ക് പകരം വേദനയാണ് ബാല്യം ഉളവാക്കുന്നത്. സ്ത്രൈണതയുള്ള ആൺകുട്ടി എന്ന കാരണത്താൽ സ്കൂളിൽ സൂര്യ അപഹസിക്കപ്പെടുന്നുണ്ട്. ബന്ധുവായ ചേട്ടനാണ് ആദ്യമായി ലൈംഗികമായി ചൂഷണം ചെയ്തത്. ചേട്ടന്റെ സുഹൃത്തും, പ്രണയിച്ച ആൺകുട്ടിയും അധ്യാപകരും സീനിയർ വിദ്യാർത്ഥികളുമുൾപ്പെടെ ഇതു തുടരുന്നുണ്ട്. ഏറെ ആഗ്രഹിക്കുന്ന സ്ത്രൈണാവസ്ഥ സൂര്യയ്ക്ക് ബാധ്യതയായി തീരുകയാണ്. സ്പെഷ്യൽ ട്യൂഷന്റെ മറവിൽ അഞ്ച് അധ്യാപകർ തന്നെ ചൂഷണം ചെയ്തിട്ടുണ്ടെന്ന് സൂര്യ വെളിപ്പെടുത്തുന്നു. അതേ സമയം ആണും പെണ്ണും കെട്ട നീയൊന്നും പഠിച്ചിട്ടുണ്ട് കാര്യമില്ല എന്നവർ പരിഹസിക്കുന്നുമുണ്ട്. വിദ്യാസമ്പന്നരായ അധ്യാപകർ തന്നെയാണ് തങ്ങളുടെ സ്വത്വത്തിന്റെ പേരിൽ ഇത്തരം വിദ്യാർത്ഥികൾക്ക് ആജീവനാന്തമുറിവുകൾ നൽകുന്നത്. പരിഹാസങ്ങളും ഉപദ്രവങ്ങളും സഹിക്കാനാവാതെ പഠനം പാതിയിൽ അവസാനിപ്പിക്കുകയാണ്.

യാത്രക്കിടയിൽ പരിചയപ്പെട്ട സുബൈർ എന്ന ട്രാൻസ്ജന്റർ പറഞ്ഞതനുസരിച്ച് തന്നെപ്പോലെ നിരവധി പേരുണ്ടെന്ന മനസിലാക്കിയ സൂര്യ നാടുവിട്ട് കോഴിക്കോടെത്തുന്നു. മറ്റു മാർഗങ്ങളില്ലാതെ അവിടെ വെച്ച് ലൈംഗികതൊഴിലാളിയായി മാറുന്നു. പലപ്പോഴും നാട്ടുകാരുടെയും പോലീസിന്റെയും ഗുണ്ടകളുടെയും ക്രൂരമർദനം സഹിക്കേണ്ടി വന്നു. കച്ചവടം തുടങ്ങി മറ്റു പല തൊഴിലുകളും ചെയ്തെങ്കിലും രക്ഷപെടാനാകുന്നില്ല. പരാതിയുമായി സ്റ്റേഷനിലെത്തുന്ന ട്രാൻസ്ജന്ററുകളുടെ വസ്ത്രം അഴിപ്പിക്കാനും ദേഹപരിശോധനയ്ക്കുമാണ് പോലീസ് താല്പര്യപെടുന്നത്. ശാരീരികമായ ആക്രമങ്ങളെക്കാൾ അവരെ വേദനിപ്പിക്കുന്നത്

ഇത്തരം ദുരനുഭവങ്ങളാണ്. തങ്ങളുടെ സ്വത്വം സ്വയം പറഞ്ഞാൽ പോരാ മറ്റുള്ളവർക്ക് മുൻപിൽ നിരന്തരം അത് തെളിയിക്കേണ്ടി വരുന്നുവെന്നത് കടുത്ത മാനസിക സംഘർഷത്തിലേക്ക് നയിക്കുന്നു.

കോഴിക്കോട് വെച്ച് ആൾക്കൂട്ട ആക്രമണമുണ്ടാകുമ്പോൾ അതിനിടയിലും അവർ തന്റെ സ്വത്വം പ്രഖ്യാപിക്കുന്നുണ്ട്. 'ഞാൻ ഇങ്ങനെയാണ്. എനിക്ക് പെണ്ണായിട്ടേ നടക്കാൻ പാടുള്ളൂ, എനിക്ക് ഇങ്ങനെയേ ജീവിക്കാൻ പറ്റൂ' എന്നവർ ആൾക്കൂട്ടത്തോട് ആക്രോശിക്കുന്നു.

സ്റ്റേജ്ഷോകളിൽ പെൺവേഷം കെട്ടാനുള്ള അവസരമുണ്ടായതോടെയാണ് സൂര്യയുടെ ജീവിതത്തിൽ മാറ്റങ്ങളുണ്ടാകുന്നത്. തമിഴ്നാട്ടിൽ വെച്ച് ലിംഗമാറ്റശസ്ത്രക്രിയ നടത്തിയതോടെ തന്റെ ആത്മാഭിമാനം വർധിച്ചതായി അവർ പറയുന്നു. ചാനൽ പരിപാടികളിലൂടെ കലാരംഗത്ത് സജീവമാകാൻ സാധിച്ചു. സ്വകാര്യതയുള്ള ഗ്രീൻറൂമുകൾ ചോദിച്ചു വാങ്ങാനായി. ജന്റർ ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ സ്വത്വം അടയാളപ്പെടുത്തിയ ഐഡന്റിറ്റി കാർഡ് ലഭിച്ചുവെന്നതും വോട്ട് ചെയ്യാനായി എന്നതും വലിയ നേട്ടങ്ങളായി സൂര്യ കണക്കാക്കുന്നു. ട്രാൻസ്ജന്റർ പോളിസി നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. വർഷങ്ങളായി ട്രാൻസ്ജന്ററുകൾ നടത്തിവന്ന അവകാശസമരങ്ങളുടെ ഫലം കൂടിയായിരുന്നു ഈ മുന്നേറ്റം. ഇതിലൂടെ "സ്ത്രീ, പുരുഷൻ,ട്രാൻസ്ജന്റർ എന്നിവർക്ക് തുല്യ അവകാശങ്ങളും അവസരങ്ങളും വിഭവങ്ങളും പ്രയോജനങ്ങളും ലഭ്യമാക്കുന്ന നീതിയുക്തമായ ആദർശാത്മകമായൊരു ലോകത്തെ ലക്ഷ്യമിടുന്നു. എല്ലാ പൗരന്മാരെയും പോലെയും സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശം, അക്രമങ്ങളിൽനിന്നും വിമുക്തമായ ഒരു ജീവിതം ആസ്വദിക്കാനുള്ള സ്വാതന്ത്ര്യം, തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം, വികസനത്തെ സംബന്ധിച്ചുള്ള തീരുമാനങ്ങളിൽ തങ്ങളുടെ സാന്നിധ്യവും ഉണ്ടാകണമെന്ന് ട്രാൻസ്ജന്റർ പോളിസി ലക്ഷ്യമിടുന്നു"(രശ്മി,അനിൽ, 2018:61).

**അനുഭവാഖ്യാനങ്ങളിൽ തെളിയുന്ന സംഘർഷങ്ങൾ**

സ്വന്തം സ്വത്വത്തെ സംബന്ധിച്ച് ബാല്യത്തിൽ തന്നെ അനുഭവപ്പെടുന്ന സംഘർഷം ട്രാൻസ്ജന്റർ മനുഷ്യർ അനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ലെസ്ബിയൻ, ഗേ, ബൈ സെക്ഷ്വൽ, അസെക്ഷ്വൽ, ക്വിയർ മനുഷ്യരെക്കാളും ട്രാൻസ്ജന്റർ സ്വത്വമുള്ള മനുഷ്യർ സമൂഹത്തിൽ തിരിച്ചറിയപ്പെടുന്നു. അപരലിംഗത്തിന്റെതെന്ന് കരുതപ്പെടുന്ന വസ്ത്രങ്ങളും, മേക്കപ്പും, പെരുമാറ്റരീതികളുമെല്ലാം ഇതിനു കാരണമാണ്. അത് കൊണ്ടു തന്നെ കൂടുതൽ അവഹേളനങ്ങൾക്ക് ഇരയാവുന്നതും അവരാണ്. ട്രാൻസ്ജന്റർ എന്നതിന് തുല്യമായി മലയാളത്തിൽ ഒരു പദം ഇല്ലെന്നത് നിരാശജനകമാണ്. നിലവിൽ ഉപയോഗിച്ച് പോരുന്ന പേരുകൾ തങ്ങൾക്ക് അപമാനമായാണ് അനുഭവപ്പെടുന്നതെന്ന് അവർ തുറന്നു പറയുന്നു. ഹിജഡ, മൂന്നാംലിംഗം, ഭിന്നലിംഗം, നപുംസകം തുടങ്ങിയ പേരുകളൊന്നും അവർക്ക് സ്വീകാര്യമല്ല. വളരെ പരിഹാസ്യമായ പദങ്ങളിലൂടെയാണ് സദാചാരസമൂഹം ഈ മനുഷ്യരെ സംബോധന ചെയ്യുന്നത്. അമ്മായിച്ചി, പെണ്ണാൾ, തെയ്യാരോ, ഒമ്പത്, ചാന്തുപൊട്ട്, ഗ്രണ്ട് തുടങ്ങിയവ അതിൽ ചിലത് മാത്രമാണ്. സ്വന്തം സ്വത്വത്തിന് സാമൂഹിക അംഗീകാരം ലഭിക്കുന്നില്ല എന്നത് അവരുടെ മുഖ്യപ്രശ്നമാണ്. കുടുംബം ഉൾപ്പെടെയുള്ളവർ ബാഹ്യരൂപത്തിന് അനുസൃതമായി ജീവിക്കാനാണ് ട്രാൻസ്ജന്ററുകളെ പ്രേരിപ്പിക്കുന്നത്. മാനസികപ്രശ്നമായി കണ്ട് ചികിൽസിക്കാൻ ശ്രമിക്കുന്നവരും ഉണ്ട്.

ഹിജഡ, മൂന്നാംലിംഗം എന്നീ വാക്കുകളാണ് അടുത്ത കാലത്ത് വരെയുള്ള പഠനങ്ങളിലും ആത്മാഖ്യാനങ്ങളിലും വരെ ഉപയോഗിച്ചിരുന്നത്. ഈ രണ്ടു പദങ്ങളും പൊതുബോധത്തിന്റെ നിർമിതിയാണ്. ജസ്റ്റിസ് ആർ. എസ് രാധാകൃഷ്ണൻ 2004ൽ പുറപ്പെടുവിച്ച വിധിപ്രസ്താവത്തിലാണ് മൂന്നാം ലിംഗം എന്ന വാക്കുപയോഗിക്കുന്നത്. വളരെ പെട്ടന്ന് തന്നെ ഈ വാക്ക് ആളുകൾ ഉപയോഗിച്ച് തുടങ്ങി. എന്ത് അടിസ്ഥാനത്തിലാണ് ലിംഗവിഭാഗങ്ങളെ സ്ഥാനം നൽകി ക്രമീകരിച്ചിരിക്കുന്നത്

എന്നും, ഒന്നും രണ്ടും ലിംഗങ്ങൾ ഏതാണെന്നും ഇവിടെ ഉയരുന്ന ചോദ്യമാണ്. വ്യത്യസ്തമായ മനുഷ്യരെ ബഹിഷ്കൃതരാക്കുന്ന രാഷ്ട്രീയം തന്നെയാണ് ഇവിടെ ഭാഷയിൽ പ്രകടമാകുന്നത്. ഭിന്നലിംഗം എന്ന പദത്തെ സൂര്യ നിരാകരിക്കുന്നുണ്ട്. ആണിൽ നിന്നും പെണ്ണിൽ നിന്നും വിഭിന്നമായി എന്തു ലിംഗപദവിയാണ് തങ്ങൾക്കുള്ളതെന്ന് അവർ ചോദ്യമുയർത്തുന്നു. ട്രാൻസ്ജന്ററുകളുടെ ശരീരത്തെയും ലൈംഗികതയെയും സംബന്ധിച്ച് അമിതമായ ആകാംക്ഷയാണ് സമൂഹം വച്ചുപുലർത്തുന്നത്.

തികച്ചും അസഹിഷ്ണുതപരമായ നിലപാടാണ് മതപൗരോഹിത്യങ്ങൾ ട്രാൻസ്ജന്റർ ജനതയോട് കാണിക്കുന്നത്. പല പുരാണങ്ങളിലും അവരുമായി ബന്ധപ്പെട്ട കഥകളുണ്ടെങ്കിലും അകറ്റിനിർത്തുന്നു. ചമയവിളക്ക് പോലെ ചുരുക്കം ചിലതൊഴിച്ച് ട്രാൻസ്ജന്റർ മനുഷ്യരെ ഉൾകൊള്ളുന്ന പ്രാർത്ഥനാരീതികളോ ആചാരാനുഷ്ഠാനങ്ങളോ പദപ്രയോഗങ്ങളോ മലയാളത്തിലില്ല. തങ്ങളെ പുറന്തള്ളിയ മുഖ്യധാരാമതങ്ങൾക് സമാന്തരമായി തങ്ങളുടേതായ സംസ്കാരവും അനുഷ്ഠനങ്ങളും അവർ രൂപീകരിച്ചിരിക്കുന്നു. ജൽസ, നിർവൺ, ഹൽദി, ബതായി തുടങ്ങിയ നിരവധി ചടങ്ങുകൾ അവർക്കുണ്ട്. ട്രാൻസ്ജന്ററുകളെ കുടുംബം കയ്യൊഴിയുന്നതിനാൽ കൂട്ടായ്മകളിൽ അവർ ബന്ധങ്ങൾ രൂപീകരിക്കുന്നു. നായക്, ഗുരു, ദാദാ ഗുരു, ചേല തുടങ്ങിയ ബന്ധങ്ങൾ അവർക്കുള്ളിലുണ്ട്. ട്രാൻസ്ജന്റർ സ്വത്വത്തിന്റെ പേരിൽ അപമാനിക്കപ്പെടുമ്പോഴും ആ സ്വത്വത്തെ തിരസ്കരിച്ച് മുന്നോട്ട് പോവാൻ അവർ തയ്യാറാവുന്നില്ല. അതിലുറച്ച് നിന്നെകൊണ്ട് തന്നെ തങ്ങളുടെ ആശയങ്ങൾ പൊതുസമൂഹത്തോട് വ്യക്തമാക്കുന്നു. ഒരു സാംസ്കാരികകൂട്ടായ്മയായി മാറി തങ്ങളുടെ അസ്തിത്വത്തെക്കുറിച്ച് സംസാരിക്കാൻ തുടങ്ങി. "എന്തിന്റെ പേരിലാണോ ഒരു വിഭാഗം അവഗണിക്കപ്പെടുകയോ, മാറ്റി വെക്കപ്പെടുകയോ, നിന്ദിക്കപ്പെടുകയോ, അപകൃഷ്ടരാക്കി മുദ്രകുത്തുകയോ ചെയ്യുന്നത്, അതിന്റെ അടിസ്ഥാനത്തിൽ തന്നെ അംഗീകാരത്തിനു

വേണ്ടി വാദിച്ചുകൊണ്ടാണ് സംസ്കാരരാഷ്ട്രീയം (cultural politics ) സ്വത്വരാഷ്ട്രീയമായി (identity politics ) പരിണമിച്ചത്(പോക്കർ, 2005:11).

**ഉപസംഹാരം**

മുഖ്യധാരാ ആത്മകഥളെ അപേക്ഷിച്ച് അരികുവത്കരിക്കപ്പെടുന്ന മനുഷ്യരുടെ ആത്മകഥകൾ ആ ജനതയെ ഒന്നാകെ പ്രതിനിധീകരിക്കുന്നു. വ്യക്തി കേന്ദ്രീകൃതമായ ആഖ്യാനങ്ങളിൽ നിന്ന് ഭിന്നമായി അവ നിലകൊള്ളുന്നു. ജെറീനയുടെയും സൂര്യയുടെയും അവസ്ഥകളിലും വ്യത്യാസമുണ്ട്. സൗന്ദര്യം, കലാപരമായ കഴിവുകൾ, തുടങ്ങിയ ഘടകങ്ങൾ സൂര്യയ്ക്ക് തുണയാവുന്നുണ്ട്. ലിംഗമാറ്റശാസ്ത്രക്രിയ നടത്താൻ സാധിക്കാത്തത് ജെറീനയിൽ അപകർഷതയാണ് ഉണ്ടാക്കുന്നത്. ട്രാൻസ്ജന്ററുകളിൽ ട്രാൻസ് സ്ത്രീകൾക്ക് ട്രാൻസ് പുരുഷമാരേക്കാൾ വലിയ വിവേചനം അനുഭവിക്കേണ്ടി വരുന്നു. സ്ത്രീകളെ എക്കാലത്തും പുരുഷാധിപത്യത്തിനു കീഴിൽ നിർത്താനുള്ള സാമ്പ്രദായിക സമൂഹത്തിന്റെ കാഴ്ചപ്പാടുകളാണ് അതിനു പിന്നിൽ പ്രവർത്തിക്കുന്നത്. സ്വന്തം സ്വത്വം വെളിപ്പെടുത്തിയപ്പോൾ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും സൂര്യയ്ക്ക് നേരിടേണ്ടി വന്ന ദുരനുഭവങ്ങൾ അവരുടെ ജീവിതപങ്കാളിയും ട്രാൻസ് പുരുഷനുമായ ഇഷാനുണ്ടായിട്ടില്ല. കുടുംബത്തിന്റെ പിന്തുണയോടെ ഒരു തൊഴിൽ ചെയ്ത് കേരളത്തിൽ തന്നെ ജീവിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. വസ്ത്രധാരണത്തിന്റെയും സ്വഭാവരീതികളുടെയും അടിസ്ഥാനത്തിൽ സ്ത്രീകളെ അപഹാസിക്കുന്നതിനാണ് സമൂഹത്തിന് എളുപ്പം കഴിയുന്നത്. കാലങ്ങളായി ട്രാൻസ്ജന്റർ ജനത നടത്തിവരുന്ന അവകാശപോരാട്ടങ്ങളിലൂടെ നിരവധി മാറ്റങ്ങളുണ്ടായിട്ടുണ്ട്.

**ഗ്രന്ഥസൂചി**

1. രാജീവൻ,ബി,വർത്തമാനത്തിന്റെ ചരിത്രം,ഫോക്കസ് ബുക്സ്,തിരുവനന്തപുരം, 1992.
2. രമാദേവി,പി,സ്ത്രീ ആത്മകഥ ജീവിതം എഴുത്ത് ചരിത്രം,കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.
3. ജെറീന(വിജയൻ കോടഞ്ചേരി,ഹരി ബി ),ഒരു മലയാളി ഹിജഡയുടെ ആത്മകഥ, ലിറ്റ്മസ്,കോട്ടയം, 2006.
4. രശ്മി,ജി, അനിൽകുമാർ കെ എസ്, ട്രാൻസ്ജന്റർ ചരിത്രം സംസ്കാരം പ്രതിനിധാനം,ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016.
5. പോക്കർ, പി കെ,സ്വത്വരാഷ്ട്രീയം,പ്രോഗ്രസ് പബ്ലിക്കേഷൻ,കോഴിക്കോട്, 2005.

**ആനുകാലികങ്ങൾ**

1. സുകുമാരൻ,വി,ട്രാൻസ്ജന്റർ സ്വത്വവും എഴുത്തും,ദേശാഭിമാനി വാരിക, 2016 ഏപ്രിൽ, ലക്കം 46.

**അശ്വതി കെ**

**ഗവേഷക**

**മലയാള-കേരളപഠനവിഭാഗം**

**കാലിക്കറ്റ് യൂണിവേഴ്സിറ്റി**

**9539182787**

**aswathi92k@gmail.com**